www.cdit.org

# സെന്റർ ഫോർ ഡവലപ്പ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി

ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം - 695 027

**30/എ3/ അഡ്മിൻ/സിഡിറ്റ്//2025** **07.04.2025**

## ലേല പരസ്യം

സി-ഡിറ്റിന്റെ തിരുവല്ലം ക്യാമ്പസ്സിലെ ക്യാന്റീനിന്റെ മുൻ വശത്തുള്ള രണ്ടു മാവുകൾ, ക്യാന്റീനിന്റെ പുറകുവശത്തെ ഒരു മാവ്, OIP ഡിവിഷനിലെ 2 മാവുകൾ എന്നിങ്ങനെ അഞ്ചു കോട്ടുകോണം (വരിക്ക) മാവുകളുടെ ഈ വർഷത്തെ ആദായം പരസ്യ ലേലം ചെയ്ത് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| | | |
|---|---|---|
| **ലേല സ്ഥലം** | : | **സി-ഡിറ്റ് ഹെഡ് ഓഫീസ്, തിരുവല്ലം, തിരുവനന്തപുരം** |
| **തിയതി** | : | **22/04/2025** |
| **സമയം** | : | **പകൽ 11.00 മണി** |
| **നിരത ദ്രവ്യം** | : | **1,000/- (ആയിരം രൂപ മാത്രം )** |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് അര മണിക്കൂർ മുൻപായി നിരതദ്രവ്യ തുക സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ലേലം തത്ക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേലത്തുകയുടെ 50% (ബാധകമായ നികുതികൾ അടക്കം) അന്ന് പകൽ 4 മണിക്ക് മുൻപായി സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടയ്ക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനകം ബാക്കി തുക മുഴുവനായി ഒടുക്കേണ്ടതാണ്. ലേലം ലഭിച്ച വ്യക്തിക്ക് ടി മാവുകളുടെ ആദായം 2025 ജൂൺ 30 വരെ എടുക്കാവുന്നതാണ്. ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സി-ഡിറ്റിലേക്ക് മുതൽ കൂട്ടുന്നതാണ് ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് എല്ലാ പ്രവൃത്തി ദിവസവും പകൽ 11 മണി മുതൽ 4 മണി വരെ സ്ഥലം സന്ദർശിച്ച് മാവുകൾ കാണാവുന്നതാണ്. കൂടുതൽ വിവരങ്ങൾ **0471 -2380910, 2380912** എന്ന ഫോൺ നമ്പറിൽ നിന്നോ **9048114130** എന്ന മൊബൈൽ നമ്പറിൽ നിന്നോ അറിയാവുന്നതാണ്. ലേല നടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സി-ഡിറ്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.

**രജിസ്ട്രാർ**